ആലപ്പുഴ കമ്പോളത്തിലായാലും എവിടെയായാലും സാധനങ്ങൾ പുറത്തുനിന്ന് വരണം. വടക്കൻ മലബാർ മേഖലയിലെ ആളുകളുടെ യാത്ര മുഴുവൻ പ്രൈവറ്റ് ബസ്സിലാണ്. ടാങ്കർ ലോറി പണിമുടക്കിയാൽ പെട്രോളും, ഡീസലും കിട്ടാതെയാകും. എത്രയും പെട്ടെന്ന് ഈ സമരം ഒത്തുതീർപ്പാക്കേണ്ടത് അനിവാര്യമാണ്. ഡീസൽ വിലയിലുണ്ടായ വർദ്ധനവിനെചൊല്ലിയുള്ള അവരുടെ തർക്കം ഒത്തുതീർക്കുന്നതിന് ഗവൺമെന്റ് അടിയന്തിരമായി ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ)*: സർ, ഇന്നുമുതൽ കേരളത്തിലെ പ്രൈവറ്റ് ബസ്സുകളും ടാങ്കർ ലോറികളും പണിമുടക്ക് ആരംഭിച്ചിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കു മുമ്പ് ഡീസൽ വിലയിലും, പെട്രോൾ വിലയിലും വർദ്ധനവ് ഉണ്ടായതിനെത്തുടർന്ന് കേരളത്തിൽ ബസ് ചാർജ് വർദ്ധിപ്പിക്കണമെന്നുള്ളതാണ് അവരുടെ ഏറ്റവും പ്രധാനപ്പെട്ട ഡിമാന്റ്. അതുപോലെതന്നെ വിദ്യാർത്ഥികളുടെ കൺസഷൻ ചാർജ് 50 ശതമാനമായി ഉയർത്തണമെന്നുള്ളതും ഇവരുടെ പ്രധാനപ്പെട്ട ആവശ്യങ്ങളാണ്. ഈ രണ്ട് ആവശ്യങ്ങളും കേരളത്തിലെ ജനങ്ങൾക്കും വിദ്യാർത്ഥികൾക്കും വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കും എന്നുള്ളതുകൊണ്ട് ഗവൺമെന്റ് അവ അംഗീകരിക്കുകയുണ്ടായില്ല. അതുപോലെ ഡീസൽ ടാക്സ് 24 ശതമാനമാണ് ഇപ്പോൾ ഈടാക്കുന്നത്, അത് 24 ശതമാനത്തിൽനിന്നും 12 ശതമാനമായി കുറയ്ക്കണമെന്ന ഒരു ആവശ്യവും അവർക്കുണ്ട്. അങ്ങനെയാണെങ്കിൽ സർക്കാരിന് വളരെ സാമ്പത്തിക ബാധ്യത വരുന്ന ഒരാവശ്യമാണ്. ഇതാണ് ഈ സമരത്തിൽ അവരുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ പറ്റാതെ വന്നതിന്റ പ്രധാന കാരണം. എങ്കിൽപ്പോലും പണിമുടക്ക് ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇന്ന് ഉച്ചയ്ക്ക് 2 മണിക്ക് അവരുമായി ചർച്ച വച്ചിട്ടുണ്ട്. ഇന്നത്തെ ചർച്ചയോടുകൂടി പണിമുടക്ക് പിൻവലിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

V. റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എൺപത്തിയഞ്ച് മുതൽ തൊണ്ണൂറ്റിരണ്ട് വരെയുള്ള റിപ്പോർട്ട്

ഡോ. തോമസ് ഐസക്: സർ, പബ്ലിക്സ് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കമ്മിറ്റിയുടെ എൺപത്തിയഞ്ച് മുതൽ തൊണ്ണൂറ്റിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly